# അടിമകളുടെ തൗബ അല്ലാഹുവിന് ഏറ്റം പ്രിയങ്കരം

عَنْ أَبِي مُوسَى رَضِيَ اللَّهُ عَنْهُ عَنِ النَّبِيِّ ﷺ قَالَ : إِنَّ اللَّهَ عَزَّ وَجَلَّ يَبْسُطُ يَدَهُ بِاللَّيْلِ لِيَتُوبَ مُسِيءُ النَّهَارِ، وَيَبْسُطُ يَدَهُ بِالنَّهَارِ لِيَتُوبَ مُسِيءُ اللَّيْلِ، حَتَّى تَطْلُعَ الشَّمْسُ مِنْ مَغْرِبِهَا (مسلم)

“അബൂമൂസ(റ)യിൽ നിന്ന്: നബി(സ) പറഞ്ഞു: “പകലിൽ പാപം ചെയ്തുപോയവന്റെ പശ്ചാത്താപം സ്വീകരിക്കാൻ അല്ലാഹു രാത്രിയിൽ കൈനീട്ടും. രാത്രിയിൽ പാപം ചെയ്തവന്റെ പശ്ചാത്താപം സ്വീകരിക്കാൻ പകലിലും; സൂര്യൻ പടിഞ്ഞാറ് നിന്ന് ഉദിക്കുന്നതു വരെ” (മുസ്‌ലിം).

എത്ര ശ്രമിച്ചാലും തെറ്റുകുറ്റങ്ങൾ വന്നുപോകുന്ന പ്രകൃതിയാണ് മനുഷ്യന്റേത്. തങ്ങളിൽ നിന്ന് മനുഷ്യസഹജമായി വന്നുപോകുന്ന തെറ്റുകളിൽ പരിതപിക്കുന്നവരും സ്രഷ്ടാവിലേക്ക് ഖേദിച്ച് മടങ്ങാൻ വെമ്പുന്നവരുമാണ് യഥാർഥ വിശ്വാസികൾ. തുടർന്നുള്ള ജീവിതത്തിൽ അത്തരം തെറ്റുകൾ ആവർത്തിക്കാതിരിക്കാനായി അവർ പരിശ്രമിക്കുകയും ചെയ്യുന്നു. അങ്ങനെയുള്ളവരുടെ തെറ്റുകുറ്റങ്ങൾ പാപമോചനപ്രാർഥനയോടെ പൊറുത്ത് കൊടുക്കുമെന്ന് അല്ലാഹു ഉറപ്പു നൽകിയിട്ടുണ്ട്.

ഖുദ്സിയായ ഹദീസിലൂടെ അല്ലാഹു പറയുന്നതായി റസൂൽ(സ) വിവരിക്കുന്നു: “ആദമിന്റെ പുത്രാ, നീ ഭൂമിയോളം പാപങ്ങളുമായി എന്റെയരികിൽ വരികയും എന്നിട്ട് നീ എന്നിൽ ഒന്നും പങ്ക് ചേർക്കാത്തവനായി എന്നെ കണ്ടുമുട്ടുകയും ചെയ്യുന്നതായാൽ ഭൂമിയോളം മഗ്ഫിറത്തുമായി ഞാൻ നിന്റെയരികിൽ വരിക തന്നെ ചെയ്യും.”

തന്റെ അടിമകളുടെ പാപങ്ങളത്രയും പൊറുക്കാനായി സദാ സമയവും ഒരുങ്ങി നിൽക്കുന്ന കരുണാമയനെയാണ് ഹദീസ് പരിചയപ്പെടുത്തുന്നത്. പകൽ തെറ്റ് ചെയ്തവന് രാത്രിയിലും രാത്രിയിൽ തെറ്റ് ചെയ്തവന് പകലിലും പൊറുത്തു കൊടുക്കാൻ പടച്ച തമ്പുരാൻ തയാറാണ്. അതിന് പക്ഷേ തെറ്റിൽ ഖേദിക്കാനും അല്ലാഹുവോട് പാപമോചനത്തിനായി പ്രാർഥിക്കാനും തയാറാവണമെന്നു മാത്രം. തൗബ ചെയ്യാൻ ഒരു വിശ്വാസിയും മടി കാണിക്കേണ്ടതില്ല. റസൂൽ(സ) തന്നെയത് വ്യക്തമാക്കിയിട്ടുണ്ട്: “ജനങ്ങളേ, നിങ്ങൾ അല്ലാഹുവിലേക്ക് തൗബ ചെയ്യുകയും അവനോട് പാപമോചനത്തിന് അർഥിക്കുകയും ചെയ്തുകൊണ്ടിരിക്കുക. കാരണം ഞാൻ ദിവസവും നൂറ് തവണ അല്ലാഹുവിലേക്ക് തൗബ ചെയ്യുന്നുണ്ട്.”

ഒരു സദസ്സിൽ നിന്ന് എഴുന്നേൽക്കുന്നതിന് മുമ്പ് നബി(സ) നൂറ് പ്രാവശ്യമെങ്കിലും ‘റബ്ബിഗ്ഫിർലീ വതുബ്ബ് അലയ്യ ഇന്നക അൻതത്തവ്വാബുർറഹീം’ (നാഥാ, നീ എനിക്ക് പാപമോചനമരുളേണമേ, എന്റെ പശ്ചാത്താപം സ്വീകരിക്കേണമേ, നിശ്ചയം നീ ഏറെ പശ്ചാത്താപം സ്വീകരിക്കുന്നവനും മാപ്പരുളുന്നവനുമാണല്ലോ) എന്ന് പറയാറുണ്ടായിരുന്നുവെന്ന് ഹദീസുകളിൽ കാണാം. പാപ സുരക്ഷിതനായ പ്രവാചകന്റെ ഈ മാതൃക പിന്തുടരുകയാണ് എപ്പോഴും തെറ്റുകൾ വന്നുപോകാവുന്ന സാധാരണക്കാരായ നമ്മൾ ചെയ്യേണ്ടത്.

തെറ്റ് ചെയ്യുന്ന വിശ്വാസി അതിൽ ഖേദിച്ച് മടങ്ങുന്ന സന്ദർഭം അല്ലാഹു ഏറെ ഇഷ്ടപ്പെടുന്ന നിമിഷമാണെന്ന് ഹദീസിൽ വന്നിട്ടുണ്ട്. അല്ലാഹുവിന്റെ ആ ഇഷ്ട സന്ദർഭത്തെ റസൂൽ(സ) ഇങ്ങനെ ചിത്രീകരിക്കുന്നു. “യാത്രാ മധ്യേ മരുഭൂമിയിൽ വെച്ച് നിങ്ങളിലൊരാളുടെ ഭക്ഷണവും വെള്ളവും ചുമന്നിരുന്ന വാഹനം (ഒട്ടകം) അയാളിൽ നിന്ന് നഷ്ടപ്പെട്ടു (അത് തെരഞ്ഞു കണ്ടെത്താനുള്ള സർവ ശ്രമങ്ങളും വിഫലമായി). അങ്ങനെ അയാൾ ഒരു വൃക്ഷത്തിനരികിലെത്തി അതിന്റെ തണലിൽ കിടന്നു. അയാൾ തന്റെ വാഹനത്തിന്റെ കാര്യത്തിൽ (ഇനി ഒരു പ്രതീക്ഷക്കും വകയില്ലാത്ത വിധം) നിരാശനായിക്കഴിഞ്ഞു. ക്ഷീണത്താൽ അയാളൽപം മയങ്ങിപ്പോയി. പെട്ടെന്ന് ഉണർന്നു നോക്കുമ്പോഴതാ അയാളുടെ ഒട്ടകം മുന്നിൽ വന്നു നിൽക്കുന്നു. എഴുന്നേറ്റ് അതിന്റെ മൂക്കുകയർ പിടിച്ച് അതിരറ്റ സന്തോഷത്താൽ ഇങ്ങനെ പറഞ്ഞു പോയി: ‘അല്ലാഹുവേ, നീയെന്റെ ദാസനാണ്. ഞാനാണ് നിന്റെ റബ്ബ്.’ സന്തോഷത്തിന്റെ ആധിക്യത്താൽ അയാൾ തെറ്റിപ്പറഞ്ഞു പോയതായിരുന്നു. അയാളെക്കാൾ ഉപരിയായി തന്റെ ദാസന്റെ പശ്ചാത്താപത്തിൽ സന്തോഷിക്കുന്നവനാണ് അല്ലാഹു.”

‘സൂര്യൻ പടിഞ്ഞാറ് നിന്ന് ഉദിക്കുന്നത് വരെ’ എന്ന പരാമർശത്തിലൂടെ അന്ത്യനാൾ ആസന്നമായാൽ തൗബ സ്വീകരിക്കപ്പെടുന്നതല്ല എന്ന സൂചനയും ഉപരിസൂചിത ഹദീസ് നൽകുന്നു. ജീവൻ തൊണ്ടക്കുഴിയിലെത്തി (മരണാസന്നനായി) കഴിഞ്ഞ അടിമയുടെ പശ്ചാത്താപം അല്ലാഹു ഒരിക്കലും സ്വീകരിക്കുകയില്ലെന്ന് വിശുദ്ധ ഖുർആനും പഠിപ്പിക്കുന്നുണ്ട്. ആയതിനാൽ തൗബയും ഇസ്തിഗ്ഫാറും ചെയ്യുന്നത് മറ്റൊരു സമയത്തേക്ക് നീട്ടിവെക്കുന്നത് വിശ്വാസിക്ക് ഭൂഷണമല്ല. കാരണം മരണമെപ്പോഴാണ് പിടികൂടുകയെന്നത് നമുക്കറിയുകയില്ല. ■